**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ നിന്ന് മൈസൂർ വഴി ബാംഗളൂരുവിലേക്ക് അന്തർ സംസ്ഥാന ബസ്സ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | അയൽസംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർസംസ്ഥാന കരാർ പ്രകാരമാണ് സർവീസുകൾ നടത്തിവരുന്നത്. നിലവിൽ കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിന്റെ സമീപമുള്ള കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ ഡിപ്പോകളിൽ നിന്നും എല്ലാ ദിവസവും മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്ക് ഓരോ സർവീസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ പയ്യന്നൂർ ഡിപ്പോയിൽ നിന്നും മൈസൂർ, ബാംഗ്ലൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് സർവീസുകൾ നടത്തി വരുന്നുണ്ട്. നിലവിൽ അന്തർ സംസ്ഥാന കരാറിലെ വ്യവസ്ഥകൾ പ്രകാരം പുതിയ സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ഗ്രാമവണ്ടി പദ്ധതി കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ കുമ്പള ഗ്രാമപഞ്ചായത്തിൽ ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികളുടെ കൺസഷന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) സർക്കാർ അർദ്ധ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡ് ആയ വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്ന കേന്ദ്രങ്ങൾ എന്നിവയ്ക്ക് വിദ്യാർത്ഥി കൺസഷൻ സൗജന്യ നിരക്കിൽ നൽകുന്നതാണ്.<br><br>2) സർക്കാർ അർദ്ധ സർക്കാർ കോളേജുകൾ, സർക്കാർ അർദ്ധ സർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ഇൻകം ടാക്സ്, ഐ.റ്റി.സി (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് - ജി.എസ്.ടി) |

| | | | |
|---|---|---|---|
| | | | എന്നിവ നൽകുന്ന മാതാപിതാക്കളുടെ കുട്ടികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ അനുവദിക്കുന്നതാണ്.<br><br>3) സെൽഫ് ഫിനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിലെയും BPL പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ അനുവദിക്കുന്നതാണ്.<br><br>4) മേൽ വിഭാഗങ്ങളിൽ കൺസഷൻ അർഹത ഇല്ലാത്ത മുഴുവൻ വിദ്യാർത്ഥികൾക്കും യാത്രാ നിരക്കിന്റെ 30% ഡിസ്കൗണ്ടിൽ കൺസഷൻ കാർഡ് അനുവദിക്കുന്നതാണ്.<br><br>വിദ്യാർത്ഥി കൺസഷൻ നൽകുന്നതിനുള്ള പരമാവധി പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കാസർഗോഡ് നിന്നും മംഗലാപുരത്തെ കോളേജുകളെ ആശ്രയിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ്- മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് യാത്രാ കൺസഷൻ അനുവദിച്ച് 26.04.2023 ൽ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന കർണ്ണാടക സംസ്ഥാനത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കർണ്ണാടക ആർ.ടി.സി ഏർപ്പെടുത്തിയ യാത്രാ കൺസഷൻ സൗകര്യം കെ.എസ്.ആർ.ടി.സി ബസ്സുകളിലും ഏർപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചും കാസർഗോഡ് - മംഗലാപുരം സെക്ടറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും കാസർഗോഡ് – മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് സൗകര്യം ഒരുക്കുന്നതിനായി സീസൺ ടിക്കറ്റ് മാതൃകയിൽ 30% നിരക്കിളവിൽ വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി യാത്രാ സൗകര്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ